# *കരുണയുടെ (കാരുണ്യത്തിന്റെ) ധൈര്യം*

രണ്ടായിരത്തി പതിനഞ്ചാമാണ്ടു മുഴുവൻ തെയ്സെ സമൂഹാംഗങ്ങളായ ഞങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചത് ഐക്യദാർഢ്യമുള്ള പുതിയ ബന്ധങ്ങളെ സ്ഥാപിക്കാനായിരുന്നു. ഇന്നത്തെ സാഹചര്യത്തിൽ വളരെ അത്യാവശ്യമായ ഒരു കാര്യമാണ് അതെന്ന് ഞങ്ങൾക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. എല്ലാ മതങ്ങളിലെയും വിശ്വാസികളും ഒരു വിശ്വാസവും പരിശീലിക്കാത്തവരും ആഗോളവ്യാപകമായി ഒരുപോലെ നേരിടുന്ന പ്രശ്നങ്ങളാണ് കുടിയേറ്റത്തെയും പരിസ്ഥിതിയെയും സാമൂഹ്യവ്യവസ്ഥിതിയെയും ചുറ്റിപ്പറ്റിയുള്ളവ.

മനുഷ്യത്വരഹിതമായ ആദർശങ്ങളുടെ പേരിൽ നടത്തുന്ന സായുധ അക്രമങ്ങൾ ഭീകരാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. കളങ്കമില്ലാത്ത മനഃസാക്ഷിയോടെ ജീവിക്കുന്നതോടൊപ്പം ഈ അരക്ഷിതാവസ്ഥയിൽ നിന്നുയരുന്ന ഭയത്തെ ചെറുക്കാൻ നാം നമ്മുടെ വിശ്വാസതീർഥാടനം തുടർന്നുകൊണ്ടേയിരിക്കുന്നു. ആഗോളതലത്തിലുള്ള ഐക്യദാർഢ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നവരും അതിനോട് ആഭിമുഖ്യമുള്ളവരും പരസ്പരം താങ്ങായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യം പാരമ്യത്തിലെത്തിയിരിക്കുന്നു.

കൊടുങ്കാറ്റ് ആഞ്ഞടിക്കുമ്പോഴും പാറയിൽ ഉറപ്പിച്ചു പണിതിരിക്കുന്ന ഭവനം ഇളക്കം തട്ടാതെ നിലനില്ക്കുന്നു (മത്താ 7:24–25). നമുക്ക് നമ്മുടെ ജീവിതം ക്രിസ്തുവിന്റെ വചനങ്ങളെ ആധാരമാക്കി പണിയേണ്ടതുണ്ട്. അടിത്തറ ഉറപ്പിക്കുന്ന ആ പാറ, എല്ലാവർക്കും സുഗമമായ മൂന്ന് സവിശേഷ മൂല്യങ്ങളാണ്. ആനന്ദം, ലാളിത്യം, കരുണ എന്നിവയാണ് അവ. തെയ്സെ കമ്യൂണിറ്റിയുടെ സ്ഥാപകനേതാവായ ബ്രദർ റോജർ തന്റെ ജീവിതത്തിലും ഞങ്ങളുടെ സമൂഹത്തിന്റെ ഹൃദയത്തിലും ഇത് സ്ഥാപിച്ചിട്ടുണ്ട്. എല്ലാ പ്രതികൂല സാഹചര്യങ്ങളിലൂടെയും കരുത്തോടെ മുന്നോട്ടുപോകാൻ അവ അദ്ദേഹത്തിന് ശക്തി പകർന്നു. അനുദിനം അവയിലേക്ക് തിരിച്ചുപോകാൻ ആദ്ദേഹം അവയെ സാംശീകരിച്ചു.

അടുത്ത മൂന്നു വർഷങ്ങളിലെ ഞങ്ങളുടെ യാത്രയിൽ ഈ മൂന്നു കാര്യങ്ങളായിരിക്കും ഞങ്ങൾക്ക് മാർഗദീപമാകാൻ പോകുന്നത്. 2016-ൽ ഞങ്ങൾ ആരംഭിക്കുന്നത് കരുണയെന്ന സുവിശേഷമൂല്യത്തോടെയാണ്. ഫ്രാൻസിസ് പാപ്പായുടെ കരുണയുടെ വർഷപ്രഖ്യാപനത്തോടൊപ്പം ഞങ്ങളും ഈ മൂല്യത്തെ പരമപ്രധാന്യം കൊടുത്ത് പ്രയോഗപഥത്തിൽ കൊണ്ടുവരുന്നു.

ദൈവീകകരുണയ്ക്ക് സാക്ഷ്യം വഹിക്കാൻ സുവിശേഷം നമ്മോട് ആവശ്യപ്പെടുന്നു. കരുണ കാണിച്ചുകൊണ്ട് ജീവിക്കുന്നതിനായി അഞ്ച് നിർദേശങ്ങളാണ് ഞങ്ങൾ മുന്നോട്ടു വയ്ക്കുന്നത്.

***നിർദേശം ഒന്ന്: കരുണതന്നെയായ ദൈവത്തിന് ഞങ്ങളെത്തന്നെ പരിപൂർണമായി ഏല്പിച്ചുകൊടുക്കുക.***

“ക്ഷമിക്കാൻ സന്നദ്ധനും ദയാലുവും കൃപാനിധിയും ക്ഷമാശീലനും അളവറ്റ സ്നേഹത്തിന് ഉടയവനും ആയ ദൈവമാണ് അങ്ങ്” (നെഹ 9:17).

“നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ” (ലൂക്കാ 6:36).

ബൈബിൾ പഠിപ്പിക്കുന്നതനുസരിച്ച് ദൈവം കരുണയും സഹാനുഭൂതിയും ദയയും നിറഞ്ഞവനാണ്. ഒരു പിതാവിനെയും അദ്ദേഹത്തിന്റെ രണ്ടു മക്കളെയും കുറിച്ച് പറയുന്നതിലൂടെ (ലൂക്കാ 15) യേശു പഠിപ്പിക്കുന്നത് ദൈവത്തിന്റെ സ്നേഹം നാം ചെയ്യുന്ന ഏതെങ്കിലും നന്മ പ്രവർത്തിയെ ആശ്രയിച്ചല്ല പ്രവർത്തിക്കുന്നത് എന്നാണ്. ദൈവം സ്നേഹം പ്രകടിപ്പിക്കുന്നത് നിരുപാധികമാണ്. തന്നോടൊപ്പം ജീവിതകാലം മുഴുവൻ വിശ്വസ്തതയോടെ ജീവിച്ച മകനെ പിതാവ് സ്നേഹിച്ചു. അതേസമയം, തന്നെ ധിക്കരിച്ച് ദൂരത്തേക്കു പോയ മകനെ, അവൻ അകന്നിരിക്കുമ്പോഴും അദ്ദേഹം സ്നേഹിച്ചു.

ദൈവം മനുഷ്യജാതിയെ സൃഷ്ടിച്ചത് തന്റെ സ്വന്തം ഛായയിലാണ്. നാലാം നൂറ്റാണ്ടിലെ സിസേറിയായിലെ വി. ബേസിലിന്റെ വാക്കുകളിൽ, “നാം ദൈവികഛായ നിലനിർത്തുന്നത് നന്മ ആർജിച്ചുകൊണ്ടാണ്. കരുണും ദയയും നിറഞ്ഞ ഹൃദയം സ്വന്തമാക്കുന്നതിലൂടെയാണ് നാം ക്രിസ്തുവിനെ ധരിക്കുന്നത്”.

ഒരു നിർദിഷ്ട സമയത്ത് മാത്രം ലഭ്യമാക്കപ്പെടുന്ന ഒരു കാര്യമല്ല ദൈവസ്നേഹം. അത് നിരന്തരം ലഭ്യമായതാണ്. നമ്മുടെ സഹാനുഭൂതിയിലൂടെ നമുക്ക് ഈ സ്നേഹത്തിന്റെ ഒരു പ്രതിഫലനമാകാൻ സാധിക്കും. കരുണയും ദയയും തങ്ങളുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദു ആയിരിക്കേണ്ടതിന്റെ ആവശ്യകത, ക്രിസ്ത്യാനികളെന്ന നിലയ്ക്ക്, നാമും അന്യ മതവിശ്വാസികളായ അനേകരോടൊപ്പം പങ്കിടുന്നു.

ദൈവസ്നേഹത്തെ നമുക്ക് സ്വാഗതം ചെയ്യാം. നമ്മുടെ മുൻപിൽ ദൈവം തന്റെ ഹൃദയം ഒരിക്കലും അടച്ചുകളയുന്നില്ല. പാപങ്ങൾ വഴി നമ്മുടെ കാലിടറുമ്പോഴും ദൈവത്തിന്റെ ഈ വിശ്വസ്തസ്നേഹമാണ് നമുക്ക് സംരക്ഷണമായി ഭവിക്കുന്നത്. ദൈവത്തിൽ നിന്ന് നാം പുറംതിരിഞ്ഞു നടക്കുന്നവരാ

ണെങ്കിലും ഒരു മടക്കയാത്രയിലൂടെ നമ്മുടെ ആശ്രയം വീണ്ടും അവിടന്നിൽ അർപ്പിക്കാൻ ഭയപ്പെടരുത്. നമ്മെ കണ്ടുമുട്ടാൻ എപ്പോഴും അവിടന്ന് മുന്നോട്ടു വരുന്നവനാണ്.

പ്രാർഥനയെ ഒരു കഠിന തപസ്യയായി കാണരുത്. ഓട്ടത്തിനിടെ അല്പം നിന്ന് വിശ്രമിക്കാനും ശ്വാസമെടുക്കാനുമുള്ള അവസരമാണത്. ആ അവസരത്തിലാണ് പരിശുദ്ധാത്മാവ് നമ്മെ ദൈവ സ്നേഹം കൊണ്ടു നിറച്ച് കരുണയുടെ യാത്ര തുടരുന്നതിന് നമ്മെ ശക്തിപ്പെടുത്തുന്നത്.

***നിർദേശം - 2 : വീണ്ടും വീണ്ടും ക്ഷമിക്കുക.***

സഹാനുഭൂതിയും എളിമയും, സൗമ്യതയും ക്ഷമയും നിന്റെ ഉടയാടയാവട്ടെ. സകലരുമായി വിട്ടുവീഴ്ചാ മനോഭാവം സൃഷ്ടിക്കുക. ആരോടെങ്കിലുമൊക്കെ അസ്വസ്തതയുണ്ടെങ്കിൽ അവരോട് ക്ഷമിക്കുക. കർത്താവ് നിങ്ങളോട് ക്ഷമിച്ചതുപോലെ (കൊളോ 3:12-13) മറ്റുള്ളവരോട് ക്ഷമിക്കുക.

"അപ്പോൾ പത്രോസ് മുന്നോട്ടുവന്ന് അവനോട് ചോദിച്ചു: കർത്താവേ, എന്നോടു തെറ്റുചെയ്യുന്ന എന്റെ സഹോദരനോടു ഞാൻ എത്രപ്രാവശ്യം ക്ഷമിക്കണം? ഏഴുപ്രാവശ്യമോ?"

യേശു അരുളിചെയ്തു: ഏഴെന്നല്ല, ഏഴ് എഴുപതുപ്രാവശ്യം എന്ന് ഞാൻ നിന്നോട് പറയുന്നു" (മത്താ 18:21-22).

ദൈവത്തിന്റെ ക്ഷമ ഒരിക്കലും പരാജയപ്പെടുന്നില്ല. തന്റെ ജീവിതകാലം മുഴുവനും കുരിശിൽ കിടക്കുമ്പോൾ പോലും ക്രിസ്തു ക്ഷമിച്ചു. ആരെയെങ്കിലും വിധിക്കാൻ അവിടന്ന് വിസമ്മതിച്ചു.

നമ്മോട് സകലതും ക്ഷമിക്കപ്പെട്ടെന്നും അതിനാൽ മറ്റുള്ളവരോട് നാം ക്ഷമിക്കണമെന്നുമുള്ള തിരിച്ചറിവാണ് നമ്മെ സ്വതന്ത്രരാക്കുന്ന ഒരു വലിയ യാഥാർഥ്യം. യഥാർഥമായ ആന്തരിക സമാധാനത്തിന്റെ സ്രോതസ്സ് അതാണെന്നാണ് നമ്മെ ഉദ്ബോധിപ്പിക്കാൻ ക്രിസ്തു പരിശ്രമിച്ചത്.

ക്രിസ്തുവിനെ സ്നേഹിക്കുന്നവരുടെ കൂട്ടമായ തിരുസഭ വിളിക്കപ്പെട്ടിരിക്കുന്നത് കരുണയാൽ സ്വയം രൂപാന്തരപ്പെടുന്നതിനാണ്. "ശ്രവിക്കാനും സൗഖ്യം നല്കാനും അനുരഞ്ജനപ്പെടുത്താനും തയാറാകുമ്പോഴൊക്കെ സഭ, ക്രിസ്തുവിന്റെ സഹാനുഭൂതിയുടെ, സമാശ്വാസത്തിന്റെ, സ്നേഹസമ്പർക്കത്തിന്റെ വ്യക്തമായ ഒരു പ്രതിഛായയായി പ്രവർത്തിക്കുകയാണ്. വേറിട്ടു നില്ക്കാതെ, ന്യായവാദങ്ങൾക്കുവേണ്ടി പിടിവാശി കാണിക്കാതെ, എല്ലാ പരുക്കൻ സ്വഭാവത്തിൽ നിന്നും സ്വതന്ത്രമായി ഇടപെടുമ്പോൾ അവൾക്ക് മനുഷ്യ ഹൃദയങ്ങളിൽ വിനീതമായ വിശ്വാസവും ആശ്രയബോധവും ജനിപ്പിക്കാൻ കഴിയും" (ബ്രദർ റോജർ).

ക്ഷമിക്കാനുള്ള സന്ദേശം തിന്മയെയോ അനീതിയെയോ ന്യായീകരിക്കാനുള്ള അംഗീകാരമല്ല. നേരെമറിച്ച്, നമ്മുടെ മുഴുവൻ കുറവുകളെയും അംഗീകരിക്കുന്നതിന് അത് നമ്മെ സ്വതന്ത്രരാക്കുന്നു. നേരെയാക്കാവുന്നവയെയൊക്കെ നേരെയാക്കാനുള്ള കടമ നമുക്കു തന്നെയാണ്. ഏഴ് എഴുപതു പ്രാവശ്യം തന്നെ ക്ഷമിക്കാൻ നമുക്ക് തയാറാകാം. മുറിവ് വളരെ ആഴപ്പെട്ടതാണെങ്കിൽ ഓരോ പടികളെടുത്ത് നമുക്ക് മുന്നോട്ടു നീങ്ങാം. ക്ഷമിക്കാനുള്ള നമ്മുടെ സന്നദ്ധത ചിലപ്പോഴെങ്കിലും, നാമനുഭവിക്കുന്ന വേദനയുടെ മറവിൽ അകപ്പെട്ടു പോകാറുണ്ട്.

തിരുസഭ കരുണയുടെ ഒരു സമൂഹമാണെന്ന് പല വിധത്തിൽ നമുക്ക് പ്രകടിപ്പിക്കാനാവും. ചുറ്റുപാടുമുള്ളവർക്ക് യാതൊരു തരം തിരിവുമില്ലാതെ തുറന്ന മനസ്സോടെ ആധിഥേയത്വം നൽകുന്നതിലൂടെ, വേർതിരിച്ച് വിധിക്കാതിരിക്കുന്നതിലൂടെ, പീഡിപ്പിക്കപ്പെടുന്നവരോട് പക്ഷം ചേർന്നുകൊണ്ട്, സകലരെയും ഉൾക്കൊള്ളുന്ന ഹൃദയ വിശാലതയിലൂടെ ……..

ആരോ യേശുവിനോട് ചോദിച്ചു: "എന്റെ അയൽക്കാരൻ ആരാണ്?" മറുപടിയായി യേശു പറഞ്ഞു: "ഒരുവൻ ജറുസലേമിൽ നിന്ന് ജറീക്കോയിലേക്കു പോവുകയായിരുന്നു. അവൻ കവർച്ചക്കാരുടെ കൈയിൽപ്പെട്ടു. അവർ അവന്റെ വസ്ത്രങ്ങൾ ഉരിഞ്ഞെടുത്ത്, അവനെ പ്രഹരിച്ച് അർധപ്രാണനാക്കിയിട്ട് പൊയ്ക്കളഞ്ഞു. ഒരു പുരോഹിതൻ ആ വഴിയേ വന്നു. അവനെക്കണ്ട് മറുവശത്തുകൂടി കടന്നുപോയി. അതുപോലെ ഒരു ലേവായനും അവിടെ വന്നപ്പോൾ, അവനെ കണ്ടെങ്കിലും കടന്നു പോയി. എന്നാൽ ഒരു സമരിയാക്കാരൻ യാത്രാമധ്യേ അവൻ കിടന്ന സ്ഥലത്തു വന്നു. അവനെക്കണ്ട് മനസ്സലിഞ്ഞ്, അടുത്തുചെന്ന് എണ്ണയും വീഞ്ഞുമൊഴിച്ച്, അവന്റെ മുറിവുകൾ വച്ചു കെട്ടി, തന്റെ കഴുതയുടെ പുറത്തു കയറ്റി ഒരു സത്രത്തിൽ കൊണ്ടുചെന്ന് പരിചരിച്ചു. അടുത്തദിവസം അവൻ സത്രം സൂക്ഷിപ്പുകാരന്റെ കൈയിൽ രണ്ടു ദനാറ കൊടുത്തിട്ടു പറഞ്ഞു: ഇവന്റെ കാര്യം നോക്കി കൊള്ളണം. കൂടുതലായി എന്തെങ്കിലും ചിലവാകുന്നെങ്കിൽ ഞാൻ തിരിച്ചു വരുമ്പോൾ തന്നുകൊള്ളാം. കവർച്ചക്കാരുടെ കൈയിൽപ്പെട്ട ആ മനുഷ്യന്, ഈ മൂവരിൽ ആരാണ് അയൽക്കാരനായി വർത്തിച്ചത്? അവനോട് കരുണ കാണിച്ചവൻ എന്ന് ആ നിയമജ്ഞൻ പറഞ്ഞു. യേശു പറഞ്ഞു: നീയും പോയി അതുപോലെ ചെയ്യുക" (ലൂക്കാ 10:29-37).

***നിർദേശം - 3: ഒരു ദുരിതാവസ്ഥ കണ്ടറിഞ്ഞാൽ ഒറ്റക്കോ മറ്റുള്ളവരോടൊപ്പമോ അവിടേക്ക് കടന്നു ചെല്ലുക.***

"വിശക്കുന്നവർക്ക് ഉദാരമായി ഭക്ഷണം കൊടുക്കുകയും പീഢിതർക്ക് സംതൃപ്തി നല്കുകയും ചെയ്താൽ നിന്റെ പ്രകാശം അന്ധകാരത്തിൽ ഉദിക്കും. നിന്റെ ഇരുണ്ടവേളകൾ മധ്യാഹ്നം പോലെ യാകും" (ഏശ 58:10).

"ലൗകികസമ്പത്ത് ഉണ്ടായിരിക്കെ, ഒരുവൻ തന്റെ സഹോദരനെ സഹായമർപ്പിക്കുന്നവനായി കണ്ടിട്ടും അവനെതിരെ ഹൃദയം അടയ്ക്കുന്നെങ്കിൽ അവനിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും" (1 യോഹ 3:17).

കരുണയുടെ പ്രതീകമായി വരച്ച ചിത്രം നമുക്ക് പകർന്നുതരുന്ന സന്ദേശം ക്രിസ്തു സ്നേഹപൂർവം നമ്മുടെ നേരെ നോക്കിക്കൊണ്ട് നല്ല സമരിയാക്കാരന്റെ കഥ നമ്മോട് പറയുന്നതായിട്ടാണ് (ലൂക്കാ 10): മൃതപ്രായനായി ഒരാൾ വഴിയരികിൽ കിടക്കുന്നു. ഒരു പുരോഹിതനും ലേവായനും അത് കണ്ടിട്ടും ഗൗനിക്കാതെ കടന്നു പോകുന്നു. ഒരു വിജാതീയൻ, അതും സമരിയാക്കാരൻ അയാളുടെ സമീപത്തു ചെന്ന് ശുശ്രൂഷിക്കുകയും സത്രത്തിലെത്തിക്കുകയും ചെയ്യുന്നു.

കരുണ നമ്മെ മറ്റുള്ളവരുടെ ബുദ്ധിമുട്ടുകളിലേക്ക് എത്തിക്കുന്നു. അവരുടെ മറഞ്ഞിരിക്കുന്ന ദുരിതങ്ങൾ, ഭൗതികമായ ദാരിദ്ര്യം തുടങ്ങിയ എല്ലാത്തരം കഷ്ടതകളിലേക്കും നമ്മെ എത്തിക്കുന്നു. അസ്വസ്ഥതകളിലൂടെ കടന്നുപോകുന്ന ഒരു കുട്ടി, തന്റെ ജീവിതത്തിന് അർഥം കാണാൻ കഴിയാതെ ഉഴലുന്ന ഒരു കൗമാരക്കാരൻ, ഏകാന്തത അനുഭവിക്കുന്ന ഒരു മുതിർന്ന വ്യക്തി, വിദ്യാഭ്യാസമോ സംസ്ക്കാരമോ ലഭിച്ചിട്ടില്ലാത്ത ഒരാൾ, ഇവരൊക്കെ നമ്മുടെ കരുണയുടെ സമീപനം ആവശ്യമുള്ളവരാണ്.

ദാരിദ്ര്യമനുഭവിക്കുന്നവരിൽ ക്രിസ്തു തന്നെയാണ് നമ്മുടെ കരുണയിൽ പ്രത്യാശ വച്ചു കാത്തിരിക്കുന്നത്. അവിടന്ന് നമ്മോട് പറയുന്നുണ്ട്: "എനിക്ക് വിശന്നു, നിങ്ങൾ എനിക്ക് ഭക്ഷിക്കാൻ തന്നു" (മത്താ 25). "സഹാനുഭൂതിയിൽ, സകല മനുഷ്യരുടെയും സഹനങ്ങളെയും ക്രിസ്തു ഏറ്റെടുത്തു. അവിടത്തെ നന്മയിൽ, സകല മനുഷ്യരുടെയും ലോകാവസാനം വരെയുള്ള എല്ലാ സഹനങ്ങളിലും അവിടന്നു പങ്കാളിയാവുന്നു (വി. മാസ്കിമസ്, 7-ാം നൂറ്റാണ്ട്)

പരീക്ഷണങ്ങളാൽ നാം മുറിവേല്പിക്കപ്പെടുമ്പോൾ ക്രിസ്തു നമ്മെ സംരക്ഷിക്കുന്നു. ഉദാരതയോടെ സഹായിക്കുന്ന ഒരാളിൽ കരുണയോടെ നമ്മെ നോക്കുന്ന ക്രിസ്തുവിന്റെ സ്നേഹമസൃണമായ നോട്ടമാണ് നാം കാണുക. ചിലപ്പോഴെങ്കിലും, സമരിയാക്കാരനെപ്പോലെ, സമൂഹം പുഛത്തോടെ വീക്ഷിക്കുന്ന ഒരു വ്യക്തിയായിരിക്കാം അങ്ങനെ ചെയ്യുന്നത്.

നമ്മുടെ 'വഴിയരികുകളിൽ' ഇങ്ങനെ മുറിവേറ്റു കിടക്കുന്നവരിലേക്ക് ഒറ്റക്കോ കൂട്ടായിട്ടോ ഇറങ്ങിച്ചെല്ലാനുള്ള ധൈര്യം നമുക്ക് സംഭരിക്കാം. കരുണ ഒരു വൈകാരിക പ്രകടനമല്ല. ഇത് ഇന്നിന്റെ ആവശ്യമാണ്. ഇതിന് പരിധികളില്ല. ഒരു കർത്തവ്യത്തിന് നിയമത്തിന്റെ പരിമിതികളുണ്ട്, എന്നാൽ, കരുണ അതിനതീതമാണ്. കരുണയ്ക്ക്, "ഇത്രത്തോളം മതി, ഞാനെന്റെ കമെ നിറവേറ്റി" എന്ന് പറയാനാവില്ല.

***നിർദേശം - 4: കരുണയെ സാമൂഹ്യ തലങ്ങളിലേക്ക് വ്യാപിപ്പിക്കുക.***

"ഞാൻ ഭൂമിയിൽ കരുണയും ന്യായവും നീതിയും പുലർത്തുന്ന കർത്താവാണ്" (ജറെ 9:24)

"നീതി പ്രവർത്തിക്കുക, കരുണ കാണിക്കുക, നിന്റെ ദൈവത്തിന്റെ സന്നിധിയിൽ വിനീതനായി ചരിക്കുക. ഇതല്ലാതെ മറ്റെന്താണ് കർത്താവ്, നിന്നിൽ നിന്ന് ആവശ്യപ്പെടുന്നത്?" (മിക്കാ 6:8).

ദൈവഹൃദയത്തിൽ, സകലമാന മനുഷ്യരും ഒരൊറ്റ കുടുംബത്തിലെ അംഗങ്ങളാണ്. അതുകൊണ്ട് നമ്മുടെ കരുണ വ്യാപിക്കേണ്ട മേഖലകൾ അനന്തമാണ്. ആഗോളതലത്തിലുള്ള ഐക്യദാർഢ്യം ഒരു യാഥാർഥ്യമാകണമെങ്കിൽ അതിനായി പ്രവർത്തിക്കുന്ന അന്തർദേശീയ സ്ഥാപനങ്ങൾക്ക് കരുത്ത് പകരേണ്ടത് ആവശ്യമാണ്.

ദരിദ്രരാഷ്ട്രങ്ങളുടെ കടബാധ്യത വർധിക്കുന്നത് സമ്പന്ന രാഷ്ട്രങ്ങൾ അവരുടെ സമ്പദ്‌വ്യവസ്ഥയെ ചൂഷണം ചെയ്യുന്നതുകൊണ്ടാണ്. ഈ മേഖലയിൽ ഒന്നും ചെയ്യാൻ നമുക്ക് സാധ്യതയില്ലെന്ന് തോന്നിയേക്കാം. ഇങ്ങനെയുള്ള കടബാദ്ധ്യതകൾ എഴുതിത്തള്ളുന്നത് നീതിയുടെ സ്ഥാപനത്തിന് വഴി തുറക്കുമെന്ന് ഓർമിക്കണം. നമ്മുടേതിൽ നിന്നും വളരെ വ്യത്യസ്തമായ ഒരു നീതിവ്യവസ്ഥയുടെ കാലത്തെക്കുറിച്ച് ബൈബിൾ ഇങ്ങനെ പറയുന്നു: "നിന്റെ സഹോദരൻ ദരിദ്രനാവുകയും തന്നെത്തന്നെ സംരക്ഷിക്കാൻ അവനു വകയില്ലാതാവുകയും ചെയ്യുന്നെങ്കിൽ നീ അവനെ സംരക്ഷിക്കണം. അവൻ അന്യനെപ്പോലെയോ പരദേശിയെപ്പോലെയോ നിന്നോടുകൂടെ വസിക്കട്ടെ. (ലേവ്യ 25:35).

കുടിയേറിപ്പാർപ്പ് ഒരു ആഗോളപ്രതിഭാസമായി മാറിയിട്ടുണ്ട്. സ്ത്രീകളും പുരുഷന്മാരും കുട്ടികളും ഒരുപോലെ ജന്മനാട് വിട്ട് അന്യദേശങ്ങളിലേക്ക് പോകേണ്ടിവരുന്ന സാഹചര്യം വളരെ സാധാരണമായിട്ടുണ്ട്. ഏത് പ്രതിബന്ധങ്ങളെയും തരണം ചെയ്യാനുള്ള ഒരു ഉൾക്കരുത്ത് ഇതിലൂടെ അവർ നേടിയെടുക്കുന്നു. കൂട്ടത്തോടെയുള്ള ഈ കുടിയേറ്റങ്ങൾക്ക് കാരണമായ മുറിവുകൾക്ക് സമ്പന്നരാഷ്ട്രങ്ങൾക്ക് ഒരു വലിയ പങ്കുണ്ടെന്ന് അവർ ഓർമിക്കേണ്ടതാണ്. ഇതിന് പ്രകടമായ ഉദാഹരണങ്ങളാണ് ആഫ്രിക്കൻ രാജ്യങ്ങളും മധ്യപൂർവദേശങ്ങളും.

അഭയാർഥികളുടെയും കുടിയേറ്റകകാരുടെയും പ്രവാഹം വളരെ ഗൗരവതരമായ പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ടെങ്കിലും ഇതിലും ഗുണകരമായ ചില ഘടകങ്ങളുണ്ട്. തങ്ങളുടേതിനേക്കാൾ സമ്പന്നമായ രാഷ്ട്രങ്ങളുടെ വാതിൽക്കൽ മുട്ടുന്നവരോടൊപ്പം ജീവിക്കുമ്പോൾ അവിടെയുള്ളവർക്കും പുതിയ അതിഥികളോട് ഒരു സവിശേഷ ഐക്യദാർഢ്യം വന്നുഭവിക്കുന്നുണ്ട്. ഒരു നവ്യോർജത്തിലേക്ക് വളരാൻ അവരുടെ സാന്നിധ്യം ഇടയാകുന്നില്ലേ? ഈ കുടിയേറ്റതരംഗത്തിന്റെ വെല്ലുവിളികളെ ഒന്നിച്ചു കൈകാര്യം ചെയ്യുന്നതുവഴി യൂറോപ്യൻ രാഷ്ട്രങ്ങൾക്ക് കൈമോശം വന്ന ഉണർവ് പുനരുജീവിപ്പിക്കാൻ സാധിക്കും.

അപരിചിതരോടും സാംസ്ക്കാരിക വിഭിന്നതകൾ ഉള്ളവരോടുമുള്ള ഭയത്തെ അതിജീവിക്കാൻ നാം തയാറാകണം. ഇങ്ങനെയുള്ള ഭയം മനസ്സിലാക്കാവുന്നതാണ്. കുടിയേറ്റക്കാരെ സ്വാഗതം ചെയ്യുന്നവർ പെട്ടെന്നു തന്നെ മടുത്തുപോകാറുണ്ട്. അവരിൽനിന്നകന്ന് സ്വന്തം ചുവരുകൾക്കുള്ളിലേക്ക് ഉൾവലിയുമ്പോഴല്ല, മറിച്ച്, അപരിചിതരിലേക്ക് കടന്നു ചെല്ലുമ്പോഴാണ് ഭയം മാറുന്നത്. നമ്മുടെ ജീവിതനിലവാരത്തിനോ സംസ്ക്കാരത്തിനോ ഉള്ള ഭീഷണിയായിട്ടല്ല, ഒരു വലിയ കുടുംബത്തിലെ അംഗങ്ങളായിട്ട് അവരെക്കൂടി കാണേണ്ടതിന്റെ ആവശ്യകത വളരെ ഉയർന്നു കഴിഞ്ഞ സാഹചര്യമല്ലേ ഇത്?

***നിർദേശം - 5: എല്ലാ സൃഷ്ടികളോടുമുള്ള കരുണ***

“ആറുദിവസം ജോലി ചെയ്യുക. ഏഴാം ദിവസം വിശ്രമിക്കണം. നിന്റെ കാളയും കഴുതയും വിശ്രമിക്കട്ടെ” (പുറ 23:12)

“നീ, നിന്റെ വയലിൽ ആറു വർഷം വിതച്ചു വിളവെടുത്തുകൊള്ളുക. ഏഴാം വർഷം അതു വിതയ്ക്കാതെ വെറുതെ കിടക്കട്ടെ” (പുറ 23:10).

ആ കാലഘട്ടത്തിന്റെ ഭാഷയിൽ, നാം പരിസ്ഥിതിയോട് കരുണയുള്ളവരായിരിക്കണമെന്ന് ആവശ്യപ്പെടുന്നു. സകല ജീവജാലങ്ങളോടും ആദരവുണ്ടാകണമെന്നും പ്രകൃതിയെ വിവേചനമില്ലാതെ ചൂഷണം ചെയ്യരുതെന്നും ബൈബിൾ നമുക്ക് ജാഗ്രതാനിർദേശം നൽകുന്നു. 7-ാം നൂറ്റാണ്ടിൽ സിറിയയിലെ വി. ഐസക് എഴുതിയത് ശ്രദ്ധിക്കുക: “കരുണയുള്ള ഒരു ഹൃദയത്തിന് ഏറ്റവും ചെറിയ ഒരു തിന്മയെയോ സൃഷ്ടിയിലെ ഒരു ചെറിയ അസ്വസ്ഥതയെയോ പോലും താങ്ങാനാവുകയില്ല”.

പാരിസ്ഥിതിക പ്രകമ്പനങ്ങൾക്ക് ആദ്യം ബലിയാടുകളാകുന്നത് ഏറ്റവും ദരിദ്രരായവരായിരിക്കും. കാലാവസ്ഥാ വ്യതിയാനങ്ങൾ ധാരാളം പേരെ തങ്ങളുടെ ജീവിത ചുറ്റുപാടുകൾ ഉപേക്ഷിച്ച് പുറപ്പെടാൻ നിർബന്ധിക്കുന്നുണ്ട്.

ഭൂമി ദൈവത്തിന്റെതാണ്, മനുഷ്യന് ദാനമായി നൽകപ്പെട്ടതാണ്. അതോടൊപ്പം നമുക്ക് ലഭിച്ചിരിക്കുന്നത് ഭീമമായ ഉത്തരവാദിത്തമാണ്. ഈ ഭൂമിയെ പരിപാലിക്കാനുള്ളതാണ് അത്. അതിനെ ചൂഷണം ചെയ്യാനുള്ളതല്ല. ഭൂമിക്ക് പരിമിതികളുണ്ട്. ആ പരിമിതികളോട് മനുഷ്യൻ യോജിച്ചു പോകേണ്ടതുണ്ട്. ഭൂമി നമ്മുടെ പൊതു ഭവനമാണ്. എന്നാൽ ഇന്ന് അത് വേദനിക്കുന്നു. പാരിസ്ഥിതിക വിപത്തുകളുടെ നേരെ നിസംഗരായിരിക്കാൻ ഇനി കഴിയില്ല. ചില ജീവികൾക്ക് വംശനാശം സംഭവിച്ചതും ജീവസന്ധാരണത്തിനുള്ള ഭീഷണിയും ചില ഭൂവിഭാഗങ്ങളിൽ സംഭവിച്ചിട്ടുള്ള സമ്പൂർണ വനനശീകരണവും ഒക്കെ നിസംഗരായി നോക്കിയിരിക്കാൻ നമുക്കെങ്ങനെ സാധിക്കും?

പ്രകൃതിയോടുള്ള ഐക്യദാർഢ്യം നമുക്ക് എപ്രകാരം പ്രകടിപ്പിക്കാൻ കഴിയും? നമ്മുടെ അനുദിന ജീവിതത്തെ ബാധിക്കുന്ന തീരുമാനങ്ങൾ; ഉപഭോക്താക്കൾ, പൗരന്മാർ എന്ന നിലയിൽ നമ്മുടെ പ്രവർത്തനങ്ങൾ, ലളിതജീവിതം നയിക്കുന്നതിനുള്ള ബോധപൂർവമായ തീരുമാനം ഇവയൊക്കെ വഴി. ജീവിതശൈലിയിൽ ലാളിത്യം കൊണ്ടുവരുന്നത് ആനന്ദത്തിന്റെ ഉറവിടമാണ്. കാലാവസ്ഥക്കും നീതിപാലനത്തിനും വേണ്ടി മാസത്തിലെ ആദ്യദിവസം ഉപവസിക്കുന്നവർ ഉണ്ട്. നമ്മുടെ പൊതുഭവനമായ ഭൂമിയിൽ ദൈവിക കരുണ നടപ്പിലാക്കുന്നതിന് അങ്ങനെയുള്ള ചുവടുകൾ എടുക്കുന്നത് ഐച്ഛികമല്ല. ഭൂമിയിലെ ആനന്ദപ്രദമായ ജീവിതത്തിന് അതൊരു വ്യവസ്ഥയാണ്.

“2016-ലെ നിർദേശങ്ങൾ” എന്നതിനെക്കുറിച്ച് ഉള്ള സാക്ഷ്യങ്ങൾ വരും മാസങ്ങളിൽ തെയ്സെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. നിങ്ങളെടുക്കുന്ന കാൽവയ്പുകൾ ഞങ്ങളുടെ echoes@taize.fr എന്ന മെയിലിൽ എഴുതാവുന്നതാണ്.

ഓരോ ആഴ്ചയും ഒരു ഞായറാഴ്ച മുതൽ അടുത്ത ഞായറാഴ്ചവരെ യുവാക്കളുടെ കൂട്ടായ്മകളുണ്ട്. വിശ്വാസത്തിന്റെ നീരുറവകളിലേക്ക് പ്രവേശിച്ച്, ദൈവകാരുണ്യത്തിന്റെ ആഴങ്ങളിലേക്ക് കടന്ന്, അതിനു സാക്ഷ്യം വഹിക്കുന്ന തരത്തിൽ ജീവിക്കാനുള്ള പ്രചോദനം അവിടെ ലഭിക്കുന്നു.
ആഗസ്റ്റ് 28 മുതൽ സെപ്റ്റംബർ 4 വരെയുള്ള ആഴ്ചയിൽ 18 മുതൽ 35 വരെ പ്രായത്തിലുള്ള യുവതീ യുവാക്കൾക്ക് (വിദ്യാർഥികൾ, പ്രൊഫഷണലുകൾ, വോളണ്ടിയർമാർ, ജോലി തേടിക്കൊണ്ടിരിക്കുന്ന വർ) മാത്രമായി ഒരാഴ്ച. സമാനമായ ജീവിതസാഹചര്യമോ ജോലി സാഹചര്യമോ ഒക്കെയുള്ളവരു മായി വിശ്വാസത്തിന്റെ വെളിച്ചത്തിൽ പങ്കുവയ്ക്കാനുള്ള അവസരം.

ബുക്കാറസ്റ്റ് 2016

ചില ബ്രദേഴ്സിന്റെയും വിവിധ രാജ്യങ്ങളിൽ നിന്നുള്ള 150 യുവാക്കളോടുമൊപ്പം ബ്രദർ അലോയ്സ് ഏപ്രിൽ 28 മുതൽ മെയ് 1 വരെ റൊമാനിയയിലെ ഓർത്തഡോക്സ് ക്രൈസ്തവരുടെ കൂടി ബുക്കാറ സ്റ്റിൽ ഈസ്റ്റർ ആഘോഷങ്ങളിൽ പങ്കെടുക്കുന്നു. (2016 ലെ അവരുടെ ഈസ്റ്റർ പാശ്ചാത്യരാജ്യങ്ങളി ലേതിനേക്കാൾ ഒരു മാസം വൈകിയാണ്).
എപ്പിഫനി 2013 (ഇസ്താംബുൾ), ഈസ്റ്റർ 2011 (മോസ്ക്കോ), ഈസ്റ്റർ 2015 (മോസ്ക്കോ, മിൻസ്ക്, കീവ്, എൽവീവ്) എന്നീ തീർഥാടനങ്ങളുടെ തുടർച്ചയായിട്ടാണ് ഇത് നടത്തുന്നത്.

കൊട്ടനൗ (Cotonou) 2016

ജോഹാനസ്ബർഗ് (1995), നയ്റോബി (2008) കിഗാലി (2012) ഇവയ്ക്കുശേഷം ആഫ്രിക്കയിലെ നാലാമത്തെ അന്തർദേശീയ യുവസമ്മേളനം ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 4 വരെ (Cotonou-Benin) ൽ നടത്തപ്പെടുന്നു. "ഭൂമിയിലെ വിശ്വാസതീർഥാടന"ത്തിന്റെ ഈ ഘട്ടത്തിൽ പശ്ചിമ ആഫ്രിക്കയിലെ ആയിരക്കണക്കിന് യുവാക്കൾ ഒന്നിച്ചു വരുന്നു. ആഫ്രിക്കയുടെ ഭാവിയെക്കുറിച്ച് പരസ്പരം പങ്കുവ യ്ക്കാനും അതിനായി പരസ്പരം താങ്ങായി പ്രവർത്തിക്കാനുള്ള അവസരമായിരിക്കും ഇത്.
ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നുള്ള പ്രതിനിധികളെയും ഇതിൽ പ്രതീക്ഷിക്കു ന്നുണ്ട്. അവർക്ക് ഈ ഭൂവിഭാഗം കാണുന്നതിനും പരിചയപ്പെടുന്നതിനുള്ള അവസരമായിരിക്കും ഇത്. ആഫ്രിക്കയിലെ യുവതലമുറയുടെ കരുത്തും ഊർജവും എത്രവലുതാണെന്നും അവർക്ക് ഇത് എങ്ങനെ ആഗോളതലത്തിൽ പങ്കുവയ്ക്കാനാവുമെന്നതുമായിരിക്കും കൊട്ടനൗ സമ്മേളനത്തിന്റെ മുഖ്യപ്രമേയം.

***യൂറോപ്യൻ മീറ്റിംഗ് 2016-2017***

2016 ഡിസംബർ 28 മുതൽ 2017 ജനുവരി 1 വരെയുള്ള 39-ാമത് യൂറോപ്യൻ മീറ്റിംഗിന്റെ പ്രഖ്യാപനം വലെൻഷ്യയിൽ ഡിസംബർ 30-ാംതീയതി നടത്തുന്നതാണ്.

വ്യത്യസ്ത മീറ്റിംഗുകളുടെ വിശദവിവരങ്ങൾക്ക് www.taize.fr എന്ന വെബ്സൈറ്റ് കാണുക.
വലെൻഷ്യ മീറ്റിംഗിന് വേണ്ടി ലഭിച്ച സന്ദേശങ്ങൾ കാണുന്നതിന് ഇതേ വെബ്സൈറ്റ് കാണുക. വ്യത്യസ്ത സഭാനേതാക്കളും അന്തർദേശീയ സംഘടകളും യൂറോപ്യൻ മീറ്റിംഗിൽ പങ്കെടുക്കുന്ന വർക്കായി സന്ദേശങ്ങൾ അയച്ചിട്ടുണ്ട്.